## കൈറ്റ് തിരുവനന്തപുരം ജില്ലാ കോ-ഓർഡിനേറ്ററുടെ നടപടി ഉത്തരവ്

**സാന്നിദ്ധ്യം: ബിന്ദു ജി എസ്**

**കൈറ്റ് തിരുവനന്തപുരംജില്ല - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - ഹൈടെക് സ്കൂൾ പദ്ധതി - സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രൊജക്ടർ മൗണ്ടിംഗിനും ഭിത്തി പെയിന്റ് ചെയ്ത് വൈറ്റ് സ്ക്രീൻ തയ്യാറാക്കുന്നതിനുമുള്ള തുക ലഭ്യമാക്കിക്കൊണ്ട് ഉത്തരവാകുന്നു**

---

**ഉത്തരവ് നം. 7/കൈറ്റ്/2017-18 തീയതി 15.05.2018**

---

വായന:-

1. സ. ഉ(സാധാ) നം. 1827/2017/പൊ.വി.വ തീയതി 06.06.2017.
2. സ.ഉ(സാധാ) നം. 165/2018/പൊ.വി.വ തീയതി 10.01.2018
3. കൈറ്റിന്റെ 16.02.2017 ലെ KITE/2018/1515 (22) നമ്പർ സർക്കുലർ.
4. കൈറ്റിന്റെ 02.05.2018 ലെ KITE/2018/1515 (28) നമ്പർ സർക്കുലർ.
5. കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.05.2018 ലെ കൈറ്റ്/2018/1515 (10) നമ്പർ നടപടി ഉത്തരവ്

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ ഐസിടി ഉപകരണങ്ങൾ ലഭ്യമാക്കിയ ക്ലാസ് മുറികളിൽ പ്രൊജക്ടർ മൗണ്ട് ചെയ്യുന്നതിനും ഭിത്തി പെയിന്റ് ചെയ്ത് വൈറ്റ് സ്ക്രീൻ സജ്ജമാക്കുന്നതിനും സ്കൂൾ പ്രഥമാധ്യാപകർ survey.itschool.gov.in ൽ സമർപ്പിച്ച വിശദാംശങ്ങൾ പരിശോധിച്ച് കൈറ്റിലേയ്ക്ക് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകൾക്ക് തുക അനുവദിച്ചുകൊണ്ട് വായന 5 പ്രകാരം ഉത്തരവായിട്ടുണ്ട്. തുക ഉപയോഗിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ വായന 4 പ്രകാരം കൈറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്ലാസ് റൂം ഇലക്ട്രിഫിക്കേഷൻ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ് സ്ഥാപിക്കൽ, ക്ലാസ് മുറിയിലെ ഭിത്തി വൈറ്റ് സ്ക്രീൻ ആക്കുന്നതിന് പെയിന്റ് ചെയ്യൽ തുടങ്ങിയ പ്രവർത്തനങ്ങൾ സ്കൂൾ ചെയ്യുന്നപക്ഷം പൂർണമായി ഗുണമേന്മ ഉറപ്പുവരുത്തുമെന്ന് വായന 2 ലെ സർക്കാർ ഉത്തരവിന് അനുസൃതമായി സ്കൂളുകൾ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജില്ലയിലെ താഴെപ്പറയുന്ന സ്കൂളുകൾക്ക് തുക അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

| സ്കൂളിന്റെ പേര് | പ്രൊജക്ടർ മൗണ്ടിംഗിന് | | വൈറ്റ് സ്ക്രീൻ സജ്ജമാക്കുന്നതിന് | | ആകെ തുക |
|---|---|---|---|---|---|
| | തുക ആവശ്യപ്പെട്ട ക്ലാസ് മുറികളുടെ എണ്ണം | അനുവദിക്കുന്ന തുക | തുക ആവശ്യപ്പെട്ട ക്ലാസ് മുറികളുടെ എണ്ണം | അനുവദിക്കുന്ന തുക | |
| | | | | | |
| | | | | | |
| | | | | | |
| **ആകെ** | | | | | |

വായനയിലെ ഉത്തരവുകളിലേയും സർക്കുലറുകളിലേയും നിർദ്ദേശങ്ങൾക്കനുസൃതമായി സ്കൂളുകളിൽ പ്രസ്തുത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും ധനവിനിയോഗ സർട്ടിഫിക്കറ്റ് ഈ ഓഫീസിൽ നൽകേണ്ടതുമാണ്.

**ജില്ലാകോ-ഓർഡിനേറ്റർ**

ജില്ലയിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പ്രഥമാധ്യാപകർക്കും
എല്ലാ മാസ്റ്റർ ട്രെയിനർ കോ-ഓർഡിനേറ്റർമാർക്കും, മാസ്റ്റർ ട്രെയിനർമാർക്കും
സ്റ്റോക്ക് ഫയൽ

Kerala Infrastructure and Technology for Education, Govt of Kerala, District Office

DISTRICT CO-ORDINATOR
Kerala Infrastructure and Technology for Education
THRUVANANTHAPURAM.